# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 18/04/14

## ( 17 JAMABUL AKHIR 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനുശേഷം, തശഹ്ഹുദ്, തഅവ്വദ്, സൂറഅൽ ഫാത്തിഹ ഓതിയശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

അൽഹംദുലില്ലാഹ് ഇന്നും കഴിഞ്ഞാഴ്ച്ചയിലെ വിഷയം തന്നെ തുടരുകയാണ്. ഞാൻ നിങ്ങളോട് പറഞ്ഞിരുന്നപോലെ മാലാഖമാരെ കുറിച്ചും, അവരുടെ പ്രവർത്തനങ്ങളെ കുറിച്ചും, അവരുടെ യഥാർത്ഥ സ്ഥിതിയെ കുറിച്ചും, പ്രവചനാത്മകമായ ദിവ്യവെളിപാടുകളുടെ പ്രാധാന്യത്തെ കുറിച്ചും സംസാരിക്കുവാൻ ആഗ്രഹിക്കുകയാണ്.

മാലാഖമാർ അല്ലാഹുവിന്റെ സൃഷ്ടികളിലെ ഒരു വിഭാഗമാണ്. അവരോട് എന്ത് കല്പിക്കുന്നുവോ അതവർ ചെയ്യുന്നു. മനുഷ്യരും മറ്റു സൃഷ്ടികളും അല്ലാഹുവിനെ ആശ്രയിച്ചു കഴിയുന്നതുപോലെ മലക്കുകളും അവനെ ആശ്രയിച്ചു കഴിയുന്നു. അല്ലാഹു തന്റെ ശക്തിപ്രകടനത്തിന് മലക്കുകളെ ആശ്രയിക്കുന്നില്ല. അവനുദ്ദേശിച്ചിരുന്നുവെങ്കിൽ മലക്കുകളെ സൃഷ്ടിക്കാതെ പ്രപഞ്ചത്തെ സൃഷ്ടിക്കുമായിരുന്നു. എന്നാൽ അവന്റെ സമ്പൂർണ്ണജ്ഞാനം മാലാഖമാരെ സൃഷ്ടിക്കുവാൻ ഉദ്ദേശിച്ചു. അങ്ങനെ മലക്കുകൾ ജന്മം കൊണ്ടു. അല്ലാഹു (ത) കണ്ണിനു വേണ്ടി പ്രകാശത്തെ സൃഷ്ടിച്ചു. അതുപോലെ വിശപ്പിന് ആഹാരവും. പ്രാകാശവും ആഹാരവും സൃഷ്ടിച്ചത് അല്ലാഹുവിന് ആവശ്യമുണ്ടായിട്ടല്ല. മറിച്ച് മനുഷ്യന് ഇത് രണ്ടും ആവശ്യമുള്ളതുകൊണ്ടാണ്. അല്ലാഹുവിന്റെ ജ്ഞാനവും ഇച്ഛയുമാണ് മാലാഖമാർ പ്രകടിപ്പിക്കുന്നത്.

ദൈവിക വെളിപാടുകൾ അല്ലാഹുവിൽ നിന്നുള്ള വാക്കുകളും നിർദ്ദേശങ്ങളുമാണ്. അല്ലാഹു താൻ തെരഞ്ഞെടുത്ത ദാസന്മാരുമായി സംവദിക്കുന്നു. അവന്റെ ഉദ്ദേശം അവർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നു. വെളിപാടുകളുടെ വാക്കുകളോ, അർത്ഥങ്ങളോ സ്വീകർത്താവ് നല്കുന്നതല്ല. അവ രണ്ടും അല്ലാഹുവിൽ നിന്ന് വരുന്നതാണ്. മനുഷ്യനു വേണ്ടിയുള്ള യാഥർത്ഥ ആഹാരമാകുന്നു വെളിപാടുകളിലൂടെ നല്കുന്നത്. മനുഷ്യൻ അതുകൊണ്ടു ജീവിക്കുന്നു. അതിലൂടെ ജീവിക്കുന്നു. അല്ലാഹുമായി ബന്ധപ്പെടുന്നതിനാണ് മാനവൻ വന്നിട്ടുള്ളത്. ദൈവത്തിന്റെ, വെളിപാടുകളായി രൂപം കൊള്ളുന്ന വാക്കുകൾ, അവയുടെ ശക്തിയിലും മഹിമയിലും മഹോന്നതമാണ്. ഒരു മനുഷ്യനു അത്തരം വാക്കുകൾ നിർമ്മിക്കാവതല്ല. ജ്ഞാന വിജ്ഞാനങ്ങളുടെ നിധികുംഭങ്ങളാണവ. അതിന് അഗാധതല അർത്ഥങ്ങളുണ്ടാവും അവ ഖനിയിലെ കല്ലുകൾപോലെയാണ്. അവ നിങ്ങൾ എത്രകണ്ട് ആഴത്തിൽ കുഴിക്കുന്നുവോ അത്രകണ്ട് കൂടുതൽ വിലയുള്ള കല്ലുകൾ ലഭിക്കുന്നു. ദിവ്യ വെളിപാടുകൾ ഖനിപാടവുമായി താരതമ്യം ചെയ്യാവതല്ല. കാരണം ഖനി പാടം തീർന്നുപോകുന്നതാണ്. എന്നാൽ ദിവ്യവെളിപാടുകളിലെ ജ്ഞാനം ഒരിക്കലും വറ്റാത്ത ഖനികളാണ്.

ദൈവീക വെളിപാടുകൾ ഒരു സമുദ്രത്തെപോലെയാണ്. അതിന്റെ ഉപരിതലം സുഗന്ധപൂരിതവും അഗാധതലം അമൂല്യരത്നങ്ങളാൽ സമ്പന്നവുമാണ്. അതിന്റെ ഉപരിതലത്തിലേക്ക് തിരിയുന്നവർ ഉപരിതല സുഗന്ധം ആസ്വദിക്കുന്നതാണ്. അതിന്റെ അഗാധതലങ്ങളിലേക്കിറങ്ങുന്നവർ അമൂല്യരത്നങ്ങളാൽ സമ്പന്നരാകുന്നതാണ്. വെളിപാടുകൾ പലവിധമുണ്ട്. ചിലപ്പോൾ അതിൽ ഇടക്കാല ഉത്തരവുകളും, ശാശ്വതനിയമങ്ങളും ഉണ്ടാകാം. മറ്റുചിലപ്പോൾ ഹൃദയ സ്പർശിയായ പ്രാഭഷണങ്ങളുണ്ടാകാം മറ്റുചിലപ്പോൾ അതുവരെ അറിയപ്പെടാത്ത അറിവുകൾ കൊണ്ടു വരാം. മറ്റുചിലപ്പോൾ ആത്മീയ സത്യങ്ങളായിരിക്കാം. ചിലപ്പോൾ അവന്റെ അവഹേളനവും അസംതൃപ്തിയുമാകാം. ചിലപ്പോൾ സ്നേഹലാളനകളാകാം. മറ്റുചിലപ്പോൾ മുന്നറിയിപ്പുകളും ശകാരങ്ങളുമാകാം. മറ്റുചിലപ്പോൾ ധർമ്മാചാര സൂചകങ്ങൾ പഠിപ്പിക്കുന്നു. ചില

ഷോൾ രഹസ്യമായി ചെയ്യുന്ന തിന്മകളുടെ ഉൾക്കാഴ്ച്ച പ്രകടമാക്കാം. ചുരുക്കത്തിൽ, നമ്മുടെ വിശ്വാസം, അല്ലാഹു എന്താണോ ഉദ്ദേശിക്കുന്നത് അത് തന്റെ ദാസന്മാരുടെ മേൽ അറിയിക്കുന്നു. സ്വീകർത്താവിന്റെ ആത്മീയപദവിക്കനുസൃതമായും, സാഹചര്യങ്ങൾക്കനുസൃതമായും ആശയവിനിമയത്തിന് മാറ്റങ്ങൾ വരാം.

അന്ധകാരം ലോകത്തെ ആവരണം ചെയ്യുമ്പോൾ, മനുഷ്യൻ അധർമ്മത്തിൽ ആപതിക്കുമ്പോൾ, അല്ലാഹുവിന്റെ സഹായമില്ലാതെ പിശാചിന്റെ കരങ്ങളിൽ നിന്ന് മാനവകുലത്തിന് സ്വയം രക്ഷ പ്രാപിക്കുവാൻ കഴിയാത്ത സാഹചര്യങ്ങളിൽ അല്ലാഹു തന്റെ സ്നേഹഭാജനങ്ങളും വിശ്വസ്തരുമായ ദാസന്മാരിൽ നിന്ന്, തന്റെ കാരുണ്യത്തിന്റെയും ഔദാര്യത്തിന്റെയും പ്രകടനമായി, ഒരാളെ തെരഞ്ഞെടുക്കുകയും ലോകത്തെ സത്യപാതയിൽ നടത്തുവാനുള്ള ചുമതല അദ്ദേഹത്തിന് നല്കുകയും ചെയ്യുന്നു.

ദൈവദൂതന്റെ ആഗമനത്തോടെ, ലോകത്തിന്റെ എല്ലാഭാഗങ്ങളിലും തന്റെ അനുയായികൾ, തുല്യതയില്ലാത്ത, ഏക ദൈവത്തിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്നത് നിനക്ക് കാണാം. മനസ്സിലാക്കുക. ദൈവദൂതന്റെ ആഗമനത്തോടെ അനീതിയെ ഉച്ചാടനം ചെയ്ത് നീതി സ്ഥാപിക്കപ്പെടുന്നു. ക്രൂരതയ്ക്ക് പകരം സ്നേഹം വിളയാടുന്നു. ദൈവദൂതനിലൂടെ അല്ലാഹു തന്റെ ഇംഗിതം വെളിവാക്കപ്പെടുന്നു. പിന്തിരിയുന്നവർ സ്വയം തരം താണവരായിതീരുന്നു. അവരിൽ നിന്നും പിന്തിരിയുന്നവർ അല്ലാഹുവിന്റെ സ്നേഹം ആർജിക്കുന്നു. അവർക്കായി അല്ലാഹു തന്റെ അനുഗ്രഹത്തിന്റെ വാതിൽ തുറക്കുന്നു. അവന്റെ അനുഗ്രഹവും കരുണയും അവരിൽ ഇറങ്ങുന്നു. വരും തലമുറയ്ക്ക് അവർ ആത്മീയ ഗുരുക്കന്മാരായി തീരുന്നു. അങ്ങനെ അവർ ഈ ലോകത്തും മഹത്വം നേടുന്നു.

ഇന്നു നാം കാണുന്ന ഇസ്ലാം വിശുദ്ധ പ്രവാചകൻ (സ) തന്റെ അനുയായികളെ പഠിപ്പിച്ച ഇസ്ലാം അല്ല. മൗലവിമാരെന്നു വിളിക്കപ്പെടുന്നവരും, ജമാഅത്തു അഹ്മദിയ്യായിൽ മുല്ലാക്കളെന്നും അമീർമാരെന്നും, വിളിക്കപ്പെടുന്നവരും, ഈ കാര്യത്തിൽ വിയോജിപ്പ് പ്രകടിപ്പിക്കുന്നതാണ്. ദൈവീക അധ്യാപനങ്ങളെ മതപരമായ തങ്ങളുടെ കാഴ്ച്ചപ്പാടിലൂടെ വരച്ചുകണിക്കുവാൻ അവർ മടിച്ചിട്ടില്ല.അവരുടെ ശക്തമായ പിടിയിൽ പൊതുജനത്തിനെ തളച്ചിട്ടിരിക്കുകയാണ്. ഇക്കാരണത്താൽ നമ്മുടെ മേൽ നിസ്സഹകരണം ഏർപ്പെടുത്തുവാൻ അവർ മടിക്കുന്നില്ല. ദൈവീക വെളിപാടുകൾ ലഭിക്കുന്നു എന്നു പറഞ്ഞതു കൊണ്ടാണ് അവർ ഇപ്രകാരം ചെയ്തത്, അവർ വിചാരിക്കുന്നത് ഖലീഫത്തുൽ മസീഹിന് മാത്രമാണ് ദൈവീകവെളിപാടു കിട്ടുവാനുള്ള അവകാശം എന്നാണ്. നിരന്തരമായ മത ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും സത്യവസ്തുതകളെ അവർ പരിഗണിക്കുന്നില്ല. ഇന്നത്തേത് ഇസ്ലാമിക അധ്യാപനങ്ങളല്ല എന്ന് നാം അംഗീകരിക്കേണ്ടതാണ്. കാരണം, ഇന്നത്തെ അവരുടെ ഇസ്ലാമിൽ കുറച്ചുകാര്യങ്ങൾ കൂടി വേണ്ടതല്ലേ എന്നു സംശയിക്കുന്നവർ അവരിലുണ്ട്. ഇന്നത്തെ മുസ്ലിംകൾ പിൻതുടരുന്നത് യഥാർത്ഥ ഇസ്ലാമിക അധ്യാപനങ്ങളല്ല എന്ന് നാം അംഗീകരിക്കേണ്ടേതാണ്. കാരണം, ഇന്നത്തെ അവരുടെ ഇസ്ലാമിലൂടെയും മുസ്ലീംകളിലൂടെയും മുസ്ലീംകൾക്ക് ഉണ്ടാകേണ്ട വിജയഫലങ്ങൾ ഉണ്ടാകുന്നില്ല.

മുഹമ്മദ് മുസ്തഫ (സ) പറഞ്ഞു. ഇസ്ലാമിൽ അതിന്റെ പേരല്ലാതെ മറ്റൊന്നും അവശേഷിക്കാത്ത ഒരുകാലം വരുന്നതാണ്. ആ കാലങ്ങളായിരിക്കുകയാണ്. ഇസ്ലാമിൽ അതിന്റെ പേരല്ലാതെ മറ്റൊന്നും അവശേഷിച്ചിട്ടില്ല. കൃത്യമമായി ഉണ്ടാക്കിയതും ബാഹ്യമായ ചില ചടങ്ങുകളും മാത്രമെ അവശേഷിച്ചിട്ടുള്ളു. ആന്തരിക ചൈതന്യമായ അതിന്റെ സത്ത അപ്രത്യക്ഷമായിരിക്കുന്നു. മുൻകാലങ്ങളിൽ പ്രദാനം ചെയ്ത വിജയങ്ങളൊന്നും ഇന്നത്തെ നാമമാത്ര ഇസ്ലാമിന് പ്രദാനം ചെയ്യുവാൻ കഴിയില്ല. മറ്റുള്ള മതവിശ്വാസികളെ ആകർഷിക്കുവാൻ, അതിന്റെ യഥാർത്ഥ അധ്യാപനം അവർക്ക് ലഭ്യമല്ല. ഇസ്ലാമിന്റെ സംരക്ഷകരും പ്രതിരോധകരും എന്നവകാശപ്പെടുന്ന പണ്ഡിതന്മാർക്ക് ഇസ്ലാമിന്റെ യഥാർത്ഥ അർത്ഥവും വിശദീകരണവും നല്കുവാൻ കഴിയുന്നില്ല, നീരിക്ഷണ പാടവത്തിന്റെ അഭാവം മൂലമാണിത് സംഭവിക്കുന്നത് .

മറ്റൊരു പ്രവാചകവചനം ഞാനിവിടെ ഉദ്ധരിക്കുകയാണ്. എന്റെ സമുദായം ഒരു മഴ പോലെയാണ്. ഏറ്റവും നല്ലത് അതിന്റെ ആദ്യ ഘട്ടത്തിലാണോ അതോ അന്ത്യ ഘട്ടത്തിലാണോ എന്ന് എനിക്കറിയില്ല. ഈ വചനം അർത്ഥമാക്കുന്നത് അല്ലാഹു (ത) യുടെ അന്തിമ മതമാണ് ഇസ്ലാം. ഓരോ കാലഘട്ടത്തിലും

അതിന്റെ നവചൈതന്യത്തിനുള്ള അവസരം ഉണ്ട്. ഈ വാഗ്ദാനം വിശുദ്ധ ഖുർആനിലൂടെ അല്ലാഹു നല്കിയതാണ്. അതുപോലെ മുഹമ്മദ് മുസ്തഫ (സ) പരിഷ്കർത്താക്കൾ ആഗതരാകുന്നതാണ് എന്ന് സുവാർത്തയും നല്കിയിട്ടുണ്ട്. പുതിയ നിയമവാഹകരല്ലാത്ത പ്രവാചകന്മാർ അല്ലാഹുവിന്റെ പ്രതിനിധികളായി വരുകയും അവർ ദൈവീകാധ്യാപനങ്ങളെ സംരക്ഷിക്കുകയും നബീകരിം (സ) ന്റെ സത്യത ഉറപ്പിക്കുകയും ചെയ്യുന്നതാണ്. ഇത് അന്ത്യദിനം വരെ തുടരുന്നതുമാണ്. വിശുദ്ധഖുർആനിൽ അല്ലാഹു (ത) തറപ്പിച്ചു പറയുന്നു. വിശുദ്ധ ഖുർആന്റെ സംരക്ഷകൻ അവൻ തന്നെയാണെന്ന്. **തീർച്ചയായും നാം തന്നെ അതിനെ സംരക്ഷിക്കുന്നതുമാണ്.** 15:10

മനുഷ്യഹൃദയങ്ങളിലും, അവരുടെ പ്രവർത്തികളിലും എങ്ങനെയാണ് അല്ലാഹു വിശുദ്ധ ഖുർആനെ സംരക്ഷിച്ചു, ജീവിപ്പിച്ചു നിർത്തുന്നത്? മുഹമ്മദ് മുസ്തഫാ (സ) പറഞ്ഞു. അവസാന കാലത്ത് വരുന്ന ജനങ്ങൾ മുസ്ലീംകൾ ആണെന്ന് അവർ പ്രഖ്യാപിക്കുമെങ്കിലും ഇസ്ലാമിന്റെ യാതൊരു അധ്യാപനങ്ങളും അവരിൽ ഉണ്ടായിരിക്കില്ല.

അവസാന കാലത്തെക്കുറിച്ച് പരാമർശിച്ച സ്ഥലത്ത് പ്രവാചകർ (സ) ഇതുകൂടി പറയുകയുണ്ടായി .എന്റെ കാലത്തിലെ അനുചരന്മാരെ പോലെയായിരിക്കും അവരെന്ന്. ഇസ്ലാമിന്റെ വിജയ പ്രകാശ രശ്മി ആദ്യ മുണ്ടായതവിടെയാണ്. മഴയെ ഒരു ഗുണപാഠ കഥയായി എടുത്തു കാണിച്ചിരിക്കുകയാണ്. തന്റെ കാലശേഷം തന്റെ ഉമ്മത്തിനു വേണ്ടി മാർഗ്ഗ ദർശനത്തിന്റെ മഴ അനസ്യൂതം വർഷിച്ചു കൊണ്ടിരിക്കുന്നതാണ്. അവസാന കാലത്ത് ആഗതരാകുന്നവർ ആദ്യകാല മുസ്ലിംകളെ പോലെ ആയിരിക്കും. അവരെ തമ്മിൽ താരതമ്യപ്പെടുത്തുവാൻ പ്രയാസമായിരിക്കും. എന്റെ വിനീതമായ കണക്കുകൂട്ടലിൽ ആദ്യനൂറ്റാണ്ടിലെ ഇസ്ലാമിന്റെ വിജയം പോലെ മറ്റൊരു  നൂറ്റാണ്ടിലും ഉണ്ടായിട്ടില്ല. എന്നാൽ അല്ലാഹു (ത) യും അവന്റെ തിരുദൂതർ മുഹമ്മദ്(സ) യും പ്രതീക്ഷാവാതിൽ തുറന്നിരിക്കുകയാണ്. അവസാനകാലത്തും ആദ്യകാലത്തുണ്ടായതുപോലെയുള്ള മഴ വർഷം ഉണ്ടാകുമെന്ന്. വിശുദ്ധ ഖുർആനിൽ വാഗ്ദാനം ചെയ്തതു പോലെ **മുൻകടന്നു പോകുന്നവർ  മുൻകടന്നു പോകുന്നവർ തന്നെയാണ് അവരെത്രെ (ദൈവ)സാമീപ്യം പ്രാപിച്ചവർ. അവർ സുഖാനുഭൂതിയുടെ ഉദ്യാനങ്ങളിലായിരിക്കും. മുൻഗാമികളിൽ നിന്നുള്ള ഒരു വലിയ സംഘവും. പിൻഗാമികളിൽ നിന്നുള്ള ഒരു ചെറിയ സംഘവും (56: 11 – 15)** അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരു ജനതയിലും (അവൻ എഴുന്നേല്പിക്കുന്നതാണ്) അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു .(62:4)

മാത്രമല്ല പ്രവാചക പ്രഭു(സ) അവസാന നാളുകളിലെ അവസ്ഥ വിശദീകരിച്ചുകൊണ്ട് ഇതു കൂടി പറയുകയുണ്ടായി എന്റെ ഉമ്മത്തിലെ ഏറ്റവും നല്ലവർ ആദ്യത്തിലുള്ളവരും, അന്ത്യത്തിലുള്ളവരുമാണ്. അതിനിടയിൽ കുറെ വക്രമാനസരുണ്ടാകും. എന്റെ സഹോദരന്മാരിൽ ഞാനതുകാണുന്നു. അവർ (സഹാബാക്കൾ) ചോദിച്ചു  ഞങ്ങൾ താങ്കളുടെ സഹോദരന്മാരല്ലേ? അദ്ദേഹം പ്രവചിച്ചു. നിങ്ങൾ എന്റെ അനുചരന്മാരാണ്.

സഹോദരന്മാർ എന്നതുകൊണ്ടുള്ള വിവക്ഷ വിശുദ്ധ പ്രവാചകർ (സ) കണ്ടിട്ടില്ലാത്തതും വരുന്നവരുമായ ആളുകളെക്കുറിച്ചാണ് എന്ന് മുസ്ലിം വിശദീകരിക്കുന്നു. മറ്റു പലവ്യാഖ്യാനങ്ങളും പരിശോധിക്കുമ്പോൾ സഹോദരന്മാർ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പിൽക്കാലത്ത് വരുന്നതും അല്ലാഹു നിയോഗിക്കുന്നതുമായ തെരഞ്ഞെടുക്കപ്പെട്ടവർ അഥവാ പ്രചകന്മാർ തന്നെയാണ് എന്ന് മനസ്സിലാകും. അല്ലാഹു (ത) യുടെ പ്രവാചകന്മാരെല്ലാം സഹോദരന്മാരാണല്ലോ. അവർ പരസ്പരം സ്ഥിരീകരിച്ചു കൊണ്ടാണ് വരുന്നത്. അല്ലാഹുമായുള്ള കരാറിനെ ഏറ്റെടുത്തുകൊണ്ടു ശരിയായ മാർഗ്ഗ ദർശനത്തോടെയുമാണ് അവർ ആഗതരാകുന്നത്. പ്രവാചകൻ (സ) പറഞ്ഞു. പ്രവാചകന്മാർ പിതൃനിർവിശേഷമായ സഹോദരന്മാരാണ്, അവരുടെ മാതാക്കൾ പലരാണ്. എന്നാൽ അവരുടെ മതം ഒന്നുതന്നെയാണ്. (ബുഖാരി,മുസ്ലിം)

അങ്ങനെ വിശുദ്ധ ഖുർആനും ,തിരുനബിമൊഴികളും, ഭാവിയിൽ ദൈവദൂതന്മാർ വരുന്നതിലേക്ക് സൂചന നല്കുകയും, അന്തിമ ശരീഅത്ത് വാഹകരായ മുഹമ്മദ് മുസ്തഫ (സ) യുടെ പ്രതിബിംബമായി അവരോരുത്തരും മാറുകയും അല്ലാഹുവിൽ നിന്ന് ലഭിച്ച യഥാർത്ഥ അദ്ധ്യാപനങ്ങളെ നവീകരിക്കുകയും ചെയ്യുന്നതാണ്. അന്ത്യനാൾ വരെക്കും ഈ അധ്യാപനങ്ങളെയും പെരുമാറ്റ സംഹിതയെയും സംരക്ഷിക്ക

ഷെടുമെന്നുള്ള അല്ലാഹു(ത) യുടെ വാഗ്ദാനം നിറവേറ്റപ്പെടുന്നതുമാണ്.

ഈ ഹദീസുകളിൽ മുസ്ലീംകളിൽ തന്നെ ധാരാളം അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഒരു മുസ്ലീം സംഘത്തിനും വിശുദ്ധ പ്രവാചകർ (സ) യുടെ അനുയായികളായി അനുകരിക്കുവാൻ സാധിക്കുകയില്ല. അതുപോലെ വിശുദ്ധ പ്രവാകൻ (സ) ആഗ്രഹിച്ചതനുസരിച്ചുള്ള സഹോദരന്മാരെ കണ്ടുമുട്ടുവാനും കഴിയുകയില്ല; അവർ അല്ലാഹുവിന്റെ ദൂതന്മാരായി, ആ മഹാത്മാവിന്റെ ആത്മീയ സ്വാധീനത്തിൽ ഭൂമിയിൽ ശാരീരികമായി ആഗതരാകാത്തടത്തോളംകാലം.

എന്റെ ഖുത്തുബ അവസാനിപ്പിക്കുന്നതിന് മുമ്പ് ഒരു കാര്യം വളരെ വ്യക്തമായി പറയുവാൻ ആഗ്രഹിക്കുകയാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം എന്നത് ഒരു പുതിയ മതമല്ല എന്ന് നിങ്ങൾ നല്ലതുപോലെ മനസ്സിലാക്കണം. ഇസ്ലാമിനെ വീണ്ടും വിഭജിക്കുവാനല്ലാ നാം വന്നിട്ടുള്ളത്. ഞങ്ങളെ തിരിച്ചറിയുന്നതിനുവേണ്ടി, കാരണം അല്ലാഹു (ത) ഇസ്ലാമിന്റെ വിജയം, ഞങ്ങളിലൂടെ തിരിച്ചു കൊണ്ടുവരുവാൻ, ഞങ്ങളെ അവന്റെ ഉപകരണങ്ങളാക്കിയിരിക്കുന്നു എന്നർത്ഥം.

ആയതിനാൽ ഈ ജമാഅത്തിന്റെ പേര്, ഒരു പുതിയ മതത്തിന്റെ പേരല്ല. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം എന്ന പേര് വിശുദ്ധ ഖുർആന്റെ ഒരു പുനർ ആഖ്യാനമാണ്. അഥവാ പുനർ പ്രസ്താവനയാണ്. ഈ നൂറ്റാണ്ടിൽ അല്ലാഹു (ത) തെരഞ്ഞെടുത്ത ഈ വിനീതന്റെ, ദൈവീക മാർഗ്ഗ ദർശനത്തിൻ കീഴിലുള്ള ഒരു പുനർ പ്രസ്താവനയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഈ നൂറ്റാണ്ടിലേക്ക് അല്ലാഹുവിന്റെ ദാസനായി തെരഞ്ഞെടുത്ത, അല്ലാഹുവിന്റെ ഖലീഫയ്ക്ക്, അല്ലാഹു (ത) താൻ തന്നെ നല്കിയ പേരിനേക്കാൾ അനുഗ്രഹീതമായ മറ്റൊരു പേരും ലോകത്തുണ്ടാവുകയില്ല. അവന്റെ ദീനായ ഇസ്ലാമിനെ പുനർ ജീവിപ്പിക്കുന്നതിനുള്ള അവന്റെ നിക്ഷേപമാണിത്. മുസ്ലീംകളിലെ വിവിധ വിഭാഗങ്ങൾ അവരവരുടെ വീക്ഷണങ്ങൾക്കും വിശ്വാസങ്ങൾക്കും അനുസൃതമായി പലപേരുകളും അവർ സ്വീകരിച്ചിട്ടുണ്ട്. ദൈവീക വെളിപാടുകളോടെ ഈ വിനീതനെ അല്ലാഹു ഉയർത്തി, അവനെ ഖലീഫയായി നിശ്ചയിച്ച്, ഒരു ദൈവീക ദൃഷ്ടാന്തമായി, ഒരു ദൈവീക ജമാഅത്ത് സ്ഥാപിച്ച്, അതിനൊരു പേരും അവൻ തന്നെ നല്കി, ആ ദൈവീക ജമാഅത്തിനെ തിരിച്ചറിയുന്നതിനുവേണ്ടി; ആ ദൈവീക ജമാഅത്താണ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം. ഈ ജുമുആ ഖുത്തുബയിലെ സന്ദേശം നിങ്ങളോരോരുത്തരും മനസ്സിലാക്കി എന്ന് ഞാൻ വിചാരിക്കുന്നു.

ആദരണീയമായ നമ്മുടെ പ്രസ്ഥാനത്തിന്റെ സത്യത തിരിച്ചറിയുവാനുള്ള പ്രകാശമാനമായ ഉൾക്കാഴ്ച മുസ്ലീംകൾക്ക് അല്ലാഹു പ്രദാനം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അങ്ങനെ മാത്രമെ നമുക്ക് ഒന്നായി തീരുവാൻ സാധിക്കുകയുള്ളൂ. നമ്മിൽ നിന്നും അല്ലാഹു ഏറ്റവും ആദ്യം പ്രതീക്ഷിക്കുന്നതും അതാണ്. അങ്ങനെ നമ്മളെല്ലാവരും പരിപൂർണ്ണമായും അവന് മാത്രം കീഴ്പ്പെടുക. എല്ലാവിധ സാത്താനിക ആകർഷണങ്ങളിൽ നിന്നും മാറി നില്ക്കുക. അങ്ങനെ നാം അവന്റെ അസ്ഥിത്വത്തിന്റെ സത്തു അംഗീകരിക്കുക. മനുഷ്യന്റെ ആത്മീയതയും മനുഷ്യത്വവും സംരക്ഷിക്കുവാൻ അവൻ തെരഞ്ഞെടുക്കുന്നവരെ കൊണ്ടുവന്ന്, അവൻ നടപ്പിലാക്കുന്ന, അവന്റെ പ്രവർത്തനങ്ങളെ തിരിച്ചറിയുക. അങ്ങനെ ഇരു ലോകത്തും നാം വിജയികളായി തീരട്ടെ. ആമീൻ. ഇൻശാ അല്ലാഹ്! അല്ലാഹു (ത) നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ! ആമീൻ.

**Traslated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

***************